**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **24-02-2026 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായതും കൂടുതൽ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ വനം വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ 273 തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്നു. ഇതിൽ 30 ഇടങ്ങളിൽ സംഘർഷങ്ങളുടെ തീവ്രത അധികമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കൂടുതൽ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ള തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭൂപ്രകൃതി, സംഘർഷങ്ങളിൽ ഉൾപ്പെടുന്ന വന്യജീ-വികളുടെ ഇനം, ഭൂവിനിയോഗം, പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, ജനവാസമേ-ഖലകൾ, കാർഷിക മേഖലകൾ തുടങ്ങിയവയുടെ വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇത്തരം സംഘർഷങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകൾ അഥവാ ഭൂപ്രദേ-ശങ്ങളായി തിരിച്ചിട്ടുണ്ട്. അവിടെ അനുഭവപ്പെടുന്ന സംഘർഷങ്ങളുടെ രീതിക്കനുസരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും ഏറ്റവും അനുയോജ്യമായ പരിഹാ-രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലാൻഡ്സ്കേപ്പ് തല മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ കർമ്മപ-ദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം ലാൻഡ്സ്കേ-പ്പ്തല കർമ്മപദ്ധതികളുടെ ആകെത്തുകയായി സംസ്ഥാനതല കർമ്മപദ്ധതിയും തയ്യാറാക്കുന്നുണ്ട്. ഈ കർമ്മപദ്ധതികളുടെ നടത്തിപ്പിന്റെ ഫലപ്രാപ്തി |

വർഷാവർഷം വിലയിരുത്തി ഭേദഗതികൾ ആവശ്യ-മായിട്ടുണ്ടെങ്കിൽ ആയത് വരും വർഷങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും നടപ്പിൽ വരുത്തുക. ഇതിലൂടെ വികേന്ദ്രീകൃതവും, പ്രാദേശികമായി അനുയോജ്യവും ഫലപ്രദവുമായ ഇടപെടലുകൾ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്ത-നങ്ങളിൽ ഉറപ്പുവരുത്താനാകും. വിവിധ വകുപ്പുകളുടേയും പ്രദേശവാസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ നടപ്പാക്കുന്ന ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും ഉൾപ്പെടുന്ന പരമ്പരാഗത രീതികളും ആധുനിക സാങ്കേതിക വിദ്യകളും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കർമ്മപദ്ധതികളിൽ വിഭാവനം ചെയ്യുന്നത്.

കൂടാതെ, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വിഷയാധിഷ്ഠിതമായി സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി 23/02/2025 ലെ സ.ഉ. (കൈ) നം. 8/2025/വനം പ്രകാരം 10 മിഷനുകളും , 03/01/2026-ലെ സ.ഉ. (കൈ) നം. 1/2026/വനം തീയതി പ്രകാരം 2 മിഷനുകളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത മിഷനുകൾ ഇവയാണ്

1. Mission FFW / Mission Food, Fodder & Water
2. Mission Tribal Knowledge (ഗോത്രഭേരി)
3. Mission Solar Fencing
4. Mission Primary Response Team
5. Mission Real Time Monitoring
6. Mission Sensitization to Public
7. Mission Science on Human Wildlife Conflict
8. Mission Bonnet Macaque
9. Mission Wild Pig
10. Mission SARPA
11. മിഷൻ മഞ്ഞക്കൊന്ന
12. മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; | (സി) | വിവിധ വനാതിർത്തികളിൽ വനം വകുപ്പ് നിർമ്മിച്ചിരുന്നതും പല കാരണങ്ങളാൽ പ്രവർത്തന രഹിതമായിരുന്നതുമായ സൗരോർജ്ജ വേലികൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന തീവ്രയജ്ഞ മിഷൻ നടപ്പിലാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതുമുതൽ നാളിതുവരെ വിവിധ കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 1955 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ജനവാസ മേഖലയിലെ സോളാർ വേലികൾ നിരന്തരം നിരീക്ഷിച്ചു വരുന്നതും കേടുപാടുകൾ സംഭവിച്ച് പ്രവർത്തനക്ഷമമല്ലാത്തവ അടിയന്തര പ്രാധാന്യത്തോടെ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി വരുന്നതുമാണ്. അതിനായി ഫോറസ്റ്റ് സ്റ്റേഷനുകളിൽ സോളാർ ഫെൻസിംഗ് കർമ്മസേനകൾ രൂപീകരിക്കുകയും ടൂൾ റൂമുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാനന്തവാടിയിൽ ഒരു സോളാർ ഫെൻസിംഗ് സർവ്വീസ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | വനാന്തര പ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും തീറ്റയും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ ഉറപ്പുവരുത്തുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും വനത്തിനുള്ളിൽ നിന്നും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണ-ജലലഭ്യത ഉറപ്പുവരുത്തുകയും തദ്വാരാ വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കളകൾ നീക്കം ചെയ്ത് 570 വയലുകളുടെ പരിപാലനം നടത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയ ഇടങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മിഷൻ ഫുഡ്, ഫോഡർ & വാട്ടർ എന്ന |

| | | | |
|---|---|---|---|
| | | | തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 2025-26 കാലയളവിൽ പൊതുജനങ്ങളുടേയും വിദ്യാർത്ഥികളുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തത്തോടെ 5,06,487 സീഡ്ബാൾ (വിത്തുണ്ട) വനപ്രദേശങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 620.722 ഹെക്ടർ വിസ്ത ക്ലിയറൻസ് നടത്തി 263.15 ഹെക്ടർ തുറസ്സായ പ്രദേശങ്ങളുടേയും 572.72 ഹെക്ടർ വയലുകളുടേയും 1704.85 ഹെക്ടർ പുൽമേട്ടുകളുടേയും പുനഃസ്ഥാപനം നടത്തിയിട്ടുണ്ട്. 111 സ്വാഭാവിക കുളങ്ങളുടേയും 112 കൃത്രിമ കുളങ്ങളുടേയും പരിപാലനം, 55 കൃത്രിമ കുളങ്ങളുടെ നിർമ്മാണം, 2 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 21 കൽത്തടയണകളുടേയും 15 മൺതടയണകളുടേയും 646 ബ്രഷ്വുഡ് ചെക്ക് ഡാമുകളുടേയും നിർമ്മാണം, 113 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 226 നീരുറവകളുടേയും പരിപാലനം എന്നീ പ്രവർത്തനങ്ങളും ഇക്കാലയളവിൽ നടത്തുകയുണ്ടായി.<br>മേൽ പ്രവർത്തികൾ വിവിധ വാർഷിക കർമ്മപദ്ധതികളിൽ ഉൾപ്പെടുത്തി തുടർന്നുവരുന്നുണ്ട്. കൂടാതെ ലാൻഡ്സ്കേപ്പ്തല പ്ലാനുകളിലും പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികളും ജലംസരക്ഷണ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് നടപ്പിലാക്കിവരികയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കൂടുതൽ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ള തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പട്ടിക

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 1. | മാനന്തവാടി | മുനിസിപ്പാലിറ്റി | അതി തീവ്രം |
| 2. | സുൽത്താൻ ബത്തേരി | മുനിസിപ്പാലിറ്റി | അതി തീവ്രം |
| 3. | കുട്ടമ്പുഴ | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 4. | തവിഞ്ഞാൽ | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 5. | തിരുനെല്ലി | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 6. | തൊണ്ടർനാട് | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 7. | നൂൽപ്പുഴ | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 8. | പനമരം | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 9. | മാങ്കുളം | ഗ്രാമ പഞ്ചായത്ത് | അതി തീവ്രം |
| 10. | അഗളി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 11. | അയ്യമ്പുഴ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 12. | ആര്യങ്കാവ് | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 13. | ആറളം | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 14. | കാന്തല്ലൂർ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 15. | കുളത്തൂപ്പുഴ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 16. | കുവപ്പടി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 17. | കേളകം | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 18. | കൊട്ടിയൂർ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 19. | കോടശ്ശേരി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 20. | കോട്ടപ്പടി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 21. | പയ്യാവൂർ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 22. | പിണ്ടിമന | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 23. | പുൽപ്പള്ളി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 24. | പൂത്താടി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 25. | പെരിങ്ങമ്മല | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 26. | മീനങ്ങാടി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 27. | മുള്ളൻകൊല്ലി | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 28. | വെള്ളമുണ്ട | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 29. | വേങ്ങൂർ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 30. | ഷോലയാർ | ഗ്രാമ പഞ്ചായത്ത് | തീവ്രം |
| 31. | തൃശ്ശൂർ | കോർപ്പറേഷൻ | മധ്യമം |
| 32. | കട്ടപ്പന | മുനിസിപ്പാലിറ്റി | മധ്യമം |
| 33. | കൽപ്പെറ്റ | മുനിസിപ്പാലിറ്റി | മധ്യമം |
| 34. | കോതമംഗലം | മുനിസിപ്പാലിറ്റി | മധ്യമം |
| 35. | നിലമ്പൂർ | മുനിസിപ്പാലിറ്റി | മധ്യമം |
| 36. | പത്തനംതിട്ട | മുനിസിപ്പാലിറ്റി | മധ്യമം |
| 37. | പാലക്കാട് | മുനിസിപ്പാലിറ്റി | മധ്യമം |
| 38. | പുനലൂർ | മുനിസിപ്പാലിറ്റി | മധ്യമം |
| 39. | മണ്ണാർക്കാട് | മുനിസിപ്പാലിറ്റി | മധ്യമം |
| 40. | വടക്കാഞ്ചേരി | മുനിസിപ്പാലിറ്റി | മധ്യമം |
| 41. | അകത്തേത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 42. | അഞ്ചൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 43. | അടിമാലി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 44. | അമരമ്പലം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 45. | അമ്പലപ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 46. | അമ്പലവയൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 47. | അമ്പൂരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 48. | അയലൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 49. | അയ്യൻകുന്ന് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 50. | അയ്യപ്പൻകോവിൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 51. | അരക്കുളം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 52. | അരുവാപ്പുലം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 53. | അലയമൺ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 54. | അളഗപ്പ നഗർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 55. | ആതിരപ്പള്ളി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 56. | ആര്യനാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 57. | ആലക്കോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 58. | ആലത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 59. | ആളനല്ലൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 60. | ഇടമലക്കുടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 61. | ഇടുക്കി കഞ്ഞിക്കുഴി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 62. | ഇട്ടിവ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 63. | ഇരട്ടയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 64. | ഇലവഞ്ചേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 65. | ഈസ്റ്റ് ഏലേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 66. | ഉടുമ്പഞ്ചോല | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 67. | ഉടുമ്പന്നൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 68. | ഉദയഗിരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 69. | ഉപ്പുതറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 70. | ഉറങ്ങാട്ടിരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 71. | ഉളിക്കൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 72. | എടക്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 73. | എടപ്പറ്റ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 74. | എടവണ്ണ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 75. | എൻമകജെ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 76. | എരിമയൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 75. | എരുമപ്പെട്ടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 78. | എരുമേലി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 79. | എരുവെശ്ശി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 80. | എലപ്പുള്ളി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 81. | ഏനാദിമംഗലം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 82. | ഏലപ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 83. | ഏഴംകുളം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 84. | കടക്കൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 85. | കടങ്ങോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 86. | കടമ്പാഴിപ്പുറം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 87. | കട്ടിപ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 88. | കണിച്ചാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 89. | കണ്ണമ്പ്ര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 90. | കരവാളൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 91. | കരിമണ്ണൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 92. | കരിമ്പ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 93. | കരിമ്പുഴ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 94. | കരുണാപുരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 95. | കരുളായി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 96. | കരുവാരക്കുണ്ട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 97. | കറുകുറ്റി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 98. | കലഞ്ഞൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 99. | കള്ളിക്കാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 100. | കവലങ്ങാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 101. | കാഞ്ചിയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 102. | കാഞ്ഞിരപ്പുഴ | ഗ്രാമ പഞ്ചായത്ത് | മധ്യമം |

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 103. | കാമാക്ഷി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 104. | കാരക്കുറിശ്ശി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 105. | കാരശ്ശേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 106. | കാറഡുക്ക | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 107. | കാളികാവ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 108. | കാവിലുമ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 109. | കിണനൂർ-കരിന്തളം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 110. | കിഴക്കാഞ്ചേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 111. | കീരമ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 112. | കീഴുപറമ്പ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 113. | കുത്തനൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 114. | കുന്നുമ്മൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 115. | കുമരംപുത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 116. | കുമിളി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 117. | കുമ്പദ്ജെ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 118. | കുറ്റിച്ചൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 119. | കുഴൽമന്ദം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 120. | കൂടരഞ്ഞി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 121. | കൂരാച്ചുണ്ട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 122. | കേരളശ്ശേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 123. | കൊക്കയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 124. | കൊങ്ങാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 125. | കൊടകര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 126. | കൊടികുളം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 127. | കൊടിയത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 128. | കൊടുമൺ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 129. | കൊട്ടത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 130. | കൊട്ടപ്പാടം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 131. | കൊണ്ടാഴി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 132. | കൊന്നത്താടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 133. | കൊറ്റനാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 134. | കൊല്ലങ്കോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 135. | കോടഞ്ചേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 136. | കോന്നി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 137. | കോരുത്തോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 138. | കോലയാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 139. | കോലാഴി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 140. | ചക്കിട്ടപ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 141. | ചലവറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 142. | ചാലിയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 143. | ചിതറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 144. | ചിന്നക്കനാൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 145. | ചിറ്റാരിപ്പറമ്പ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 146. | ചിറ്റാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 147. | ചുങ്കത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 148. | ചെക്കിയാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 149. | ചെറുപുഴ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 150. | ചേലക്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 151. | ചൊക്കാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 152. | തച്ചമ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 153. | തണ്ണിത്തോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 154. | തരിയോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 155. | തരൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 156. | തലനാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 157. | തലവൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 158. | തിരുവമ്പാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 159. | തിരുവില്ലാമല | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 160. | തില്ലങ്കേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 161. | തൃക്കടീരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 162. | തൃക്കൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 163. | തൃപ്രങ്ങോട്ടൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 164. | തെൻമല | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 165. | തേക്കുംകര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 166. | തേങ്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 167. | തേൻകുറിശ്ശി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 168. | തൊളിക്കോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 169. | ദേലമ്പാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 170. | ദേവികുളം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 171. | ദേശമംഗലം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 172. | നടത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 173. | നടുവിൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 174. | നന്ദിയോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 175. | നരിപ്പറ്റ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 176. | നാറാണമ്മൂഴി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 177. | നെടുങ്കണ്ടം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 178. | നെന്മാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 179. | നെല്ലിയാമ്പതി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 180. | പടിഞ്ഞാറെത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 181. | പത്തനാപുരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 182. | പനങ്ങാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 183. | പരിയാരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 184. | പല്ലശ്ശന | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 185. | പള്ളിവാസൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 186. | പഴയന്നൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 187. | പാങ്ങോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 188. | പാഞ്ഞാൾ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 189. | പാട്യം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 190. | പാണഞ്ചേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 191. | പാണത്തടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 192. | പാമ്പാടുംപാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 193. | പിറവന്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 194. | പീരുമേട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 195. | പുതുക്കാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 196. | പുതുക്കോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 197. | പുതുപ്പരിയാരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 198. | പുതുപ്പാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 199. | പുതുശ്ശേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 200. | പുതൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 201. | പുത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 202. | പൂക്കോട്ടുകാവ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 203. | പെരുവന്താനം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 204. | പേരാവൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 205. | പൈങ്ങോട്ടൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 206. | പൊഴുതന | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 207. | പോത്താനിക്കാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 208. | പോത്തുകൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 209. | പ്രമാടം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 210. | ബലാൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 211. | ബേഡൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 212. | ബൈസൺവാലി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 213. | മടക്കത്തറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 214. | മണിമല | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 215. | മമ്പാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 216. | മരിയാപുരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 217. | മരുത്തോങ്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 218. | മറയൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 219. | മറ്റത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 220. | മറ്റത്തൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 221. | മലമ്പുഴ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 222. | മലയാറ്റൂർ-നീലേശ്വരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 223. | മലയാലപ്പുഴ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 224. | മാലൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 225. | മുണ്ടക്കയം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 226. | മുണ്ടൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 227. | മുതലമട | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 228. | മുപ്പൈനാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 229. | മുല്ലൂർക്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 230. | മുളകുന്നത്തുകാവ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 231. | മൂക്കന്നൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 232. | മൂട്ടിൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 233. | മൂത്തേടം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 234. | മൂന്നാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 235. | മൂളിയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 236. | മേപ്പാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 237. | മേലാർക്കോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 238. | മൈലപ്ര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 239. | യേരൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 240. | രാജകുമാരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 241. | രാജക്കാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 242. | റാന്നി അങ്ങാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 243. | റാന്നി പഴവങ്ങാടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 244. | റാന്നി പെരുനാട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 245. | വടക്കാഞ്ചേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 246. | വടവന്നൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 247. | വടശ്ശേരിക്കര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 248. | വട്ടവട | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 249. | വണ്ടന്മേട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 250. | വണ്ടാഴി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 251. | വണ്ടിപ്പെരിയാർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 252. | വണ്ടൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 253. | വണ്ണപ്പുറം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 254. | വരന്തരപ്പിള്ളി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 255. | വരവൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 256. | വളയം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 257. | വള്ളത്തോൾ നഗർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 258. | വഴിക്കടവ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 259. | വാണിമേൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 260. | വാത്തിക്കുടി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 261. | വാഴത്തോപ്പ് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 262. | വിതുര | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 263. | വെച്ചൂച്ചിറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 264. | വെള്ളത്തൂവൽ | ഗ്രാമ പഞ്ചായത്ത് | മധ്യമം |

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | തരം | സ്ഥിതി |
|---|---|---|---|
| 265. | വെള്ളിയമറ്റം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 266. | വെസ്റ്റ് എലേരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 267. | വേങ്ങാപ്പള്ളി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 268. | വേലൂർ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 269. | വൈത്തിരി | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 270. | ശാന്തമ്പാറ | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 271. | ശ്രീകൃഷ്ണപുരം | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 272. | സീതത്തോട് | ഗ്രാമ പഞ്ചായത്ത് | മധ്യമം |
| 273. | സേനാപതി | ഗ്രാമ പഞ്ചായത്ത് | മധ്യമം |

**അനുബന്ധം**

## മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ / പ്രവർത്തികൾ

1. കേരളത്തിലെ വനഭൂമികളിലുള്ള വിദേശയിനത്തിൽപ്പെട്ടതും, കാലികപ്രസക്തി നഷ്ടപ്പെട്ടതും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്നതുമായ ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം സർക്കാർ 'പാരിസ്ഥിതിക പുനഃസ്ഥാപന നയം' തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഒരു ഇക്കോ-റിസ്റ്റോറേഷൻ പോളിസി അംഗീകരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആവാസ വ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുക വഴി ഉൾവനങ്ങളിൽ വന്യജീവികൾക്ക് മെച്ചപ്പെട്ട ഭക്ഷണ-ജല ലഭ്യത ഉറപ്പുവരുത്തുകയും തന്മൂലം അവ ജനവാസമേഖലകളിലേക്ക് എത്തിപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇക്കോ-റിസ്റ്റോറേഷൻ പോളിസിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. നാളിതുവരെ വിവിധ സർക്കിളുകളിലായി 5,635 ഹെക്ടർ സ്ഥലത്ത് വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

2. വനം വകുപ്പ് വിവിധ വനാതിർത്തികളിൽ നിർമ്മിച്ചിരുന്നതും പല കാരണങ്ങളാൽ പ്രവർത്തന രഹിതമായിരുന്നതുമായ സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന തീവ്രയജ്ഞ മിഷൻ നടപ്പിലാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതുമുതൽ നാളിതുവരെ 1955 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

4. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ. സൗരോർജ്ജ തൂക്കുവേലികളും 10 കി.മീ. റെയിൽ ഫെൻസിംഗും 0.11 കി.മീ. അയൺ ഫെൻസിംഗും 69.07 കി.മീ. ആനക്കിടങ്ങും, 1.92 കി.മീ. ആനപ്രതിരോധ മതിലും, 1.58 കി.മീ. കരിങ്കൽഭിത്തിയും, 2.09 കി.മീ. കയ്യാലയും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVIII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമാണ പുരോഗതിയിലാണ്. ഇതിൽ 76 കി.മീ. സോളാർ വേലി പൂർത്തിയായിട്ടുണ്ട്.

6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി 2024-25 കാലയളവിൽ രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.

8. RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയ സമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് 26/05/2025 നു സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത് (സ.ഉ. (സാധാ) നം. 197/2025/വനം തീയതി 26/05/2025).

9. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്തല പ്ലാനുകളുടെ അവതരണവും ചർച്ചയും പൂർത്തിയായി വരുന്നു.

10. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സ.ഉ. (സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

11. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്റർ (SFEOC), ഡിവിഷൻതലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 251/2025/DMD തീയതി 19/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

12. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി വാഹനവും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 265/2025/DMD തീയതി 23/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമേ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ സ.ഉ. (സാധാ) നം. 297/2025/DMD തീയതി 06/05/2025 പ്രകാരവും ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

13. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 25 ചെക്ക് ഡാമുകൾ, 12 വാച്ച് ടവറുകൾ എന്നിവയുടെ നിർമ്മാണത്തിനുള്ള കരാറുകൾ ഒപ്പ് വച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതിയുടെ ഭാഗമായി 315 കുടുംബങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. അൻപത് 12 ബോർ പമ്പ് ആക്ഷൻ ഗണ്ണുകളും, 4250 തിരകളും, 25 നൈറ്റ് വിഷൻ ക്യാമറകളും വാങ്ങിയിട്ടുണ്ട്. 43 ഡ്രോണുകൾ, ആർ.ആർ.ടി.കൾക്കായി 25 വാഹനങ്ങൾ, 25 പവർ സോ, 25 ബ്രഷ് കട്ടറുകൾ, 15 ട്രാങ്കുലൈസറുകൾ, 25 ടോർച്ച് ലൈറ്റുകൾ, 15 സ്മാർട്ട് കേജുകൾ എന്നിവയ്ക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി, മിഷൻ ബോണറ്റ് മക്കാക്ക് എന്ന തീവ്രയജ്ഞ മിഷന്റെ ഭാഗമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

15. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 28/05/2025 ലെ സ.ഉ. (കൈ) നം. 17/2025/വനം പ്രകാരം 28/05/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും

ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടും സ.ഉ.(സാധാ) നം. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

17. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "**സർപ്പ**" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെയും 2025 വർഷത്തിൽ 23779 പാമ്പുകളേയും റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു. 26/01/2026 വരെ സർപ്പ വോളന്റീയർമാർ 70849 പാമ്പുകളെയാണ് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും സുരക്ഷിതമായി പിടികൂടി വിട്ടയച്ചിട്ടുള്ളത്.

18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

19. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

20. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 1131 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഇത് മുഖേന 226 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും 150.90 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

21. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ **"സംസ്ഥാന സവിശേഷ ദുരന്തമായി"** പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ

വ്യക്തമാക്കുന്ന കരട് മാർഗ്ഗരേഖ തയ്യാറാക്കി ആയത് അംഗീകരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

22. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

23. സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നതിനായി ആരംഭിച്ച മിഷൻ റിയൽ ടൈം മോണിറ്ററിംഗിന്റെ ഭാഗമായി വനം വകുപ്പും ടാറ്റാ മോട്ടേഴ്സ് ലിമിറ്റഡും ടാറ്റാ കമ്മ്യൂണിക്കേഷൻ ലിമിറ്റഡും ചേർന്ന് ധാരണാ പത്രം 20/01/2026 ന് ഒപ്പു വച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിലെ പീലാർമുഴി, നല്ലഭൂമി, വെട്ടിക്കുഴി ഭാഗങ്ങളിലും പെരിയാർ ടൈഗർ റിസർവിലെ ഈസ്റ്റ് ഡിവിഷനിലെ പൂവരശിലും വെസ്റ്റ് ഡിവിഷനിലെ ഉപ്പുപാറയിലുമാണ് ആദ്യഘട്ടത്തിൽ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുന്നത്. ചാലക്കുടി ഡിവിഷനിലെ കുമ്പിടാമുടി, പെരിയാർ ടൈഗർ റിസർവിലെ മംഗളാദേവി എന്നിവിടങ്ങളിലാണ് ഗേറ്റ്വേകൾ സ്ഥാപിക്കുന്നത്.

24. വാഴച്ചാൽ ഡിവിഷനു കീഴിലെ ആതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെയുള്ള മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരിക്കുന്നതിനും ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനും ഈ മേഖല പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുമായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ CSR ഫണ്ട് ലഭ്യമാക്കുന്ന ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 64 ലക്ഷം രൂപ ചെലവഴിച്ച് നാല് വാഹനങ്ങളും ആർ.ആർ.ടി. യുടെ ഉപയോഗിത്തിനായുള്ള വിവിധ ഉപകരണങ്ങളും ചാലക്കുടിയിൽ വച്ച് 13/01/2026 നു- വനം വകുപ്പിന് കൈമാറി.

25. ജനവാസ മേഖലയോട്ടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

26. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീവികളുടെ സാന്നിദ്ധ്യത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു.

27. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സഞ്ചാരപാതകളിൽ ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

28. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും പാതയോരങ്ങളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

29. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre - DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre - SFEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

30. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക എന്നീ പ്രവർത്തനങ്ങൾക്കായി കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

31. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ ശരിയായ വിവരങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

32. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

33. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

34. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട്ടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

35. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 2025 ഫെബ്രുവരി മുതൽ നാളിതുവരെ ചുവടെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

സീഡ് ബാൾ (വിത്തുണ്ട) വ്യാപനം – 5,06,487 എണ്ണം

വിസ്ത ക്ലിയറൻസ് – 620.722 ഹെക്ടർ

തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനം – 263.15 ഹെക്ടർ

വയലുകളുടെ പുനഃസ്ഥാപനം – 572.72 ഹെക്ടർ

പുൽമേടുകളുടെ പുനഃസ്ഥാപനം – 1704.85 ഹെക്ടർ

സ്വാഭാവിക കുളങ്ങളുടെ പരിപാലനം – 111 എണ്ണം

കൃത്രിമ കുളങ്ങളുടെ നിർമ്മാണം – 55 എണ്ണം

കൃത്രിമ കുളങ്ങളുടെ പരിപാലനം – 112 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ നിർമ്മാണം – 2 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ പരിപാലനം – 113 എണ്ണം

കൽത്തടയണകളുടെ നിർമ്മാണം – 21 എണ്ണം

മൺത്തടയണകളുടെ നിർമ്മാണം – 15 എണ്ണം

ബ്രഷ്-വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം – 646 എണ്ണം

നീരുറവകളുടെ പരിപാലനം – 226 എണ്ണം

36. നബാർഡ് ട്രാഞ്ചെ XXX മുഖേന ലഭിച്ച ₹34 കോടിയുടെ പ്രോജക്റ്റിന്റെ ഭാഗമായി പീരുമേട് ആർ.ആർ.ടി., വി.ഇ.ടി. (വെറ്ററിനറി എമർജൻസി ടീം സെന്റർ) എന്നിവയുടെ കെട്ടിട നിർമ്മാണം, വാഹനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി അനുവദിച്ച 607 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ പുരോഗതിയിലാണ്. ഈ പ്രോജക്റ്റിന്റെ ഭാഗമായി വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിനായി ₹25 കോടി മൂന്നു വർഷങ്ങളിലായി നടപ്പിലാക്കുന്ന പ്രവർത്തികൾക്കായി അനുവദിച്ചതിൽ ഒന്നാം വർഷ പരിചരണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം വർഷ പരിചരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

37. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,635 ഹെക്ടർ സ്ഥലത്ത് മഞ്ഞക്കൊന്ന നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഏകവിളത്തോട്ടങ്ങളിൽ വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2903.781 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

38. മനുഷ്യ-വന്യജീവി സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റീയർമാർക്കും പരിശീലനം

നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ആർ.ആർ.ടി.കളിലേയും ഉദ്യോഗസ്ഥർക്ക് പ്രസ്തുത പരിശീലനം നൽകിയിട്ടുണ്ട്.

39. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ 2179 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 2080 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2025-26 ൽ നാളിതുവരെ 732.02 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

40. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മന്ത്രിതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ സംസ്ഥാനതല ഉദ്യോഗസ്ഥ സമിതിയും അതാത് ജില്ലകളിൽ ജില്ലാ കളക്ടറും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ജില്ലാതല സമിതികളും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജനജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

41. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പരിപാടികളുടെ ജില്ലാതല അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം ജില്ലാതല സമിതികൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

42. പുതുതായി ചുമതലയേറ്റ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്കുള്ള പരിശീലന ക്രമത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

43. പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും നഷ്ടപരിഹാര വിതരണ രീതിയും പരിഷ്കരിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

44. ഇതിലുപരിയായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ നടപ്പിലാക്കാനായി 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ (Mission FFW / Mission Food, Fodder & Water)
2. Mission Tribal Knowledge (ഗോത്രഭേരി)
3. Mission Solar Fencing
4. Mission Primary Response Team

5. Mission Real Time Monitoring
6. Mission Sensitization to Public
7. Mission Science on Human Wildlife Conflict
8. Mission Bonnet Macaque
9. Mission Wild Pig
10. Mission SARPA

45.മേൽ 10 മിഷനുകൾ കൂടാതെ സ.ഉ. (കൈ) നം. 1/2026/വനം തീയതി 03/01/2026 പ്രകാരം മിഷൻ മഞ്ഞക്കൊന്ന, മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും എന്നീ രണ്ട് പുതിയ തീവ്രയജ്ഞ മിഷനുകൾ കൂടി നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

46.ബഹു. മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദശ പ്രകാരം 2025 സെപ്റ്റംബർ 16 മുതൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹെൽപ്-ഡെസ്കുകൾ സ്ഥാപിച്ച് പ്രദേശവാസികളിൽ നിന്നും വനം-വന്യജീവി സംബന്ധിയായ പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. തീവ്രയജ്ഞ പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ ലഭിച്ച പരാതികളിൽ റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ പരിഹരിക്കാവുന്നവ പരിഹരിച്ചിട്ടുള്ളതും ജില്ലാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട പരാതികൾ അതാത് ജില്ലാസമിതികളിൽ അവതരിപ്പിക്കുകയും സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ടവ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

47.മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ തുടർച്ചയായി സംഘർഷ ബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവലാതികളും വേഗത്തിൽ പരിഹരിക്കുന്നതിനും, പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും, നഷ്ടപരിഹാര വിതരണം സംബന്ധിച്ച അപേക്ഷകൾ സമർപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും മറ്റുമായി അനുയോജ്യരായ വനം വകുപ്പ് ഉദ്യോഗസ്ഥരെ ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

48.മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ.ഉ. (കൈ) നം. 3/2026/വനം തീയതി 22/01/2026 പ്രകാരം കല്ലാർ (തിരുവനന്തപുരം), ആനക്കുളം (ഇടുക്കി), ആനക്കാംപൊയിൽ (കോഴിക്കോട്), മലമ്പുഴ (പാലക്കാട്), കൊട്ടിയൂർ (കണ്ണൂർ), ബന്തടുക്ക (കാസർഗോഡ്) എന്നിവിടങ്ങളിലായി ആറ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

49.മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവത്തനങ്ങൾക്കായി വിനിയോഗിക്കുന്ന 2406-01-110-09 എന്ന ബജറ്റ് ശീർഷകത്തിൽ 2025-26 വർഷത്തെ വിഹിതം 7040 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 144 ശതമാനം കൂടുതലാണിത്.

50.മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT) കൾ രൂപീകരിച്ചിട്ടുണ്ട്. PRT യിലെ

അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, തടസ്സങ്ങൾ, പകരസാധ്യതകൾ (alternatives), സാമൂഹിക സ്ഥിതി തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. നാളിതുവരെ വിവിധ പഞ്ചായത്തുകളിലായി 327 PRT കൾ രൂപീകരിച്ചിട്ടുണ്ട്.